കുടുംബശ്രീ
പ്രതിധ്വനി

www.kudumbashree.org

കേരള സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ

ലക്കം : 35

## ബാങ്ക് ലിങ്കേജ് മേഖലയിലെ സമഗ്ര മികവ് :
# കുടുംബശ്രീക്കും സി.ഡി.എസുകൾക്കും നബാർഡിന്റെ സംസ്ഥാനതല അവാർഡ്



*ധനമന്ത്രി ഡോ. തോമസ് ഐസക്കിൽ നിന്നും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എസ്. ഹരികിഷോർ, സ്റ്റേറ്റ് പ്രോഗ്രാം മാനേജർ ജിജി. ആർ.എസ്, സ്റ്റേറ്റ് അസിസ്റ്റന്റ് പ്രോഗ്രാം മാനേജർമാരായ വിദ്യാ നായർ വി.എസ്, നീതു പ്രകാശ് എന്നിവർ സംയുക്തമായി അവാർഡ് സ്വീകരിക്കുന്നു. നബാർഡ് ചീഫ് ജനറൽ മാനേജർ ആർ. ശ്രീനിവാസൻ, കാനറാ ബാങ്ക് ജനറൽ മാനേജർ ജി.കെ മായ എന്നിവർ സമീപം.*

2018-19 സാമ്പത്തിക വർഷം സംസ്ഥാനത്ത് അയൽക്കൂട്ടങ്ങൾക്ക് മികച്ച രീതിയിൽ ബാങ്ക് ലിങ്കേജ് കൈവരിക്കുന്നതിനും സാമ്പത്തിക ഇടപാടുകളിൽ മുന്നേറുന്നതിനും ബാങ്കുകളുമായുള്ള ഏകോപനം കാര്യക്ഷമമാക്കിയതിനും ദേശീയ കാർഷിക ഗ്രാമവികസന ബാങ്ക് (നബാർഡ്) ഏർപ്പെടുത്തിയ അവാർഡ് കുടുംബശ്രീക്ക് ലഭിച്ചു.

നബാർഡിന്റെ മുപ്പത്തിയെട്ടാം സ്ഥാപക ദിനാഘോഷങ്ങളോടനുബന്ധിച്ച് തിരുവനന്തപുരത്ത് നബാർഡ് റീജിയണൽ ഓഫീസിൽ സംഘടിപ്പിച്ച ചടങ്ങിൽ ധനമന്ത്രി ഡോ. തോമസ് ഐസക്കിൽ നിന്നും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എസ്. ഹരികിഷോർ, സ്റ്റേറ്റ് പ്രോഗ്രാം മാനേജർ ജിജി. ആർ.എസ്, സ്റ്റേറ്റ് അസിസ്റ്റന്റ് പ്രോഗ്രാം മാനേജർമാരായ വിദ്യാ നായർ വി.എസ്, നീതു പ്രകാശ് എന്നിവർ സംയുക്തമായി അവാർഡ് സ്വീകരിച്ചു. ശിൽപവും സർട്ടിഫിക്കറ്റും അടങ്ങുന്നതാണ് അവാർഡ്.

2018-19 സാമ്പത്തിക വർഷം ഒരു ലക്ഷത്തിലേറെ അയൽക്കൂട്ടങ്ങൾക്കായി 4132 കോടി രൂപയുടെ ലിങ്കേജ് വായ്പ ലഭ്യമാക്കിയതിനാണ് കുടുംബശ്രീക്ക് അവാർഡ് ലഭിച്ചത്. ഇതോടൊപ്പം സംസ്ഥാനത്തെ വിവിധ ബാങ്കുകളുമായുള്ള ഏകോപനം ഫലപ്രദമായ രീതിയിൽ നടപ്പാക്കാൻ സാധിച്ചതും ശ്രദ്ധേയ നേട്ടമായി. അർഹരായ അയൽക്കൂട്ടങ്ങൾക്ക് വേഗത്തിൽ ലിങ്കേജ് വായ്പ ലഭ്യമാക്കിയതിലൂടെ അവർക്ക് ഉപജീവന പ്രവർത്തനങ്ങൾ തുടങ്ങുന്നതിനും മറ്റ് അടിയന്തര ആവശ്യങ്ങൾ നിറവേറ്റുന്നതിനും സഹായകരമായിട്ടുണ്ട്.

ഏറ്റവും കൂടുതൽ അയൽക്കൂട്ടങ്ങൾക്ക് ബാങ്ക് ലിങ്കേജ് ലഭ്യമാക്കിയതിനുള്ള അവാർഡ് ലഭിച്ചത് മലപ്പുറം ജില്ലയിലെ വള്ളിക്കുന്ന്, വയനാട് ജില്ലയിലെ പൂതാടി, ആലപ്പുഴ ജില്ലയിലെ വെളിയനാട് എന്നീ സി.ഡി.എസുകൾക്കാണ്. ഇതിൽ വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിലെ 540 അയൽക്കൂട്ടങ്ങളിൽ 9430 സ്ത്രീകൾ അംഗങ്ങളാണ്. ഇതിൽ 385 അയൽക്കൂട്ടങ്ങൾക്ക് ലിങ്കേജ് വായ്പയായി 8.14 കോടി രൂപയോളം ലഭ്യമാക്കാൻ കഴിഞ്ഞതാണ് ഇവരെ അവാർഡിന് അർഹരാക്കിയത്.

പൂതാടി ഗ്രാമപഞ്ചായത്തിൽ 22 വാർഡുകളിലായി 540 അയൽക്കൂട്ടങ്ങളും ഇതിൽ 7894 അംഗങ്ങളുമുണ്ട്. ഇതിലെ 199 അയൽക്കൂട്ടങ്ങൾക്ക് 18 കോടി രൂപയുടെ ബാങ്ക് ലിങ്കേജ് ലഭ്യമാക്കിയതിനു പുറമേ കേരള സംസ്ഥാന പിന്നാക്ക വികസന കോർപ്പറേഷനിൽ നിന്നും രണ്ടു കോടി രൂപയുടെ ബാങ്ക് വായ്പയും ലഭ്യമാക്കാൻ സി.ഡി.എസിനു കഴിഞ്ഞു. കാർഷിക-സൂക്ഷ്മ സംരംഭ മേഖലയിൽ പ്രവർത്തിക്കുന്ന വനിതകൾക്ക് തൊഴിൽ മേഖല ശക്തിപ്പെടുത്താൻ ഈ ലിങ്കേജ് വായ്പ സഹായകമായി. ആലപ്പുഴ ജില്ലയിലെ വെളിയനാട് ഗ്രാമപഞ്ചായത്തിലെ 128 അയൽക്കൂട്ടങ്ങൾക്കായി പതിനൊന്ന് കോടിയിലേറെ രൂപയുടെ ലിങ്കേജ് വായ്പയാണ് സി.ഡി.എസ് മുഖേന ലഭ്യമാക്കിയത്.

വള്ളിക്കുന്ന് സി.ഡി.എസിനെ പ്രതിനിധീകരിച്ച് ചെയർപേഴ്സൺ ഷീബ, വൈസ് ചെയർപേഴ്സൺ ശാരദ കെ.ടി, കൺവീനർമാരായ വൽസല. ഒ, രജനി, ഗീത, കമല, പൂതാടി സി.ഡി.എസിനു വേണ്ടി ചെയർപേഴ്സൺ ബിന്ദു പി.കെ, വെളിയനാടിനു വേണ്ടി ചെയർപേഴ്സൺ രമ്യ സന്തോഷ്, വൈസ് ചെയർപേഴ്സൺ യശോദ. കെ.ജി, അക്കൗണ്ടന്റ് സന്തോഷ്കുമാർ എന്നിവർ നബാർഡ് ചീഫ് ജനറൽ മാനേജർ ആർ. ശ്രീനിവാസനിൽ നിന്നു അവാർഡ് സ്വീകരിച്ചു.

---

## 'കുടുംബിനി' അരി
# അനുഗ്രഹ അയൽക്കൂട്ടത്തിന്റെ വിപ്ലവാത്മക മുന്നേറ്റം



എറണാകുളം ജില്ലയിലെ കവളങ്ങാട് പഞ്ചായത്തിലുള്ള അനുഗ്രഹ അയൽക്കൂട്ടം മൂല്യവർദ്ധനവിലൂടെ വിപ്ലവകരമായ മാറ്റങ്ങൾ സൃഷ്ടിക്കുന്നു. ഈ അയൽക്കൂട്ടത്തിന്റെ കീഴിലുള്ള മിന്നാമിന്നി, കുഞ്ഞാറ്റ എന്നീ സംഘകൃഷി സംഘങ്ങളാണ് ഈ മുന്നേറ്റത്തിന് ചുക്കാൻ പിടിക്കുന്നത്. സ്വന്തമായി കൃഷി ചെയ്ത് ഉത്പാദിപ്പിക്കുന്ന അരി കുടുംബിനി എന്ന പേരിൽ ബ്രാൻഡ് ചെയ്ത് വിപണിയിലെത്തിച്ചാണ് അവർ ഈ വിപ്ലവത്തിന് ലളിതമായ തുടക്കം കുറിച്ചിരിക്കുന്നത്.

വർഷങ്ങളായി സ്ഥിരമായി നെൽകൃഷി ചെയ്തുവന്നിരുന്ന കൃഷിസംഘങ്ങളായിരുന്നു ഇവർ. നെല്ല് ഉത്പാദിപ്പിച്ച് വിളവെടുത്ത് സപ്ലൈകോയ്ക്ക് നൽകുന്നതായിരുന്നു പതിവ്. എന്നാൽ ഈ വർഷം കുടുംബശ്രീ നടപ്പിലാക്കിയ സമൃദ്ധി ക്യാമ്പയിനിന്റെ ഭാഗമായി മൂല്യവർദ്ധനവിനെക്കുറിച്ച് ആലോചിക്കാൻ എറണാകുളം ജില്ലാ മിഷനും കവളങ്ങാട് സിഡിഎസും കൃഷി സംഘങ്ങൾക്ക് നിർദ്ദേശം നൽകുകയായിരുന്നു. ഇതനുസരിച്ച് വരുമാന വർദ്ധനവിനായി നെല്ല് കുത്തി അരിയാക്കി കുടുംബശ്രീ മിഷന്റെ ബ്രാൻഡിൽ പുറത്തിറക്കാൻ അനുഗ്രഹ അയൽക്കൂട്ടം തയ്യാറായി . ഇവർ എട്ട് ഏക്കറിൽ ചെയ്ത നെൽകൃഷി വഴി ലഭ്യമായ 30 ക്വിന്റൽ വിളവിൽ നിന്ന് 4 ക്വിന്റൽ അരി ഉത്പാദിപ്പിക്കാനായി നീക്കി വച്ചു. ഇതിൽ നിന്ന് ലഭ്യമായ അരി കുടുംബിനി എന്ന ബ്രാൻഡിൽ പുറത്തിറക്കുകയായിരുന്നു. ഇതിന് അവശ്യം വേണ്ട സഹായങ്ങൾ എറണാകുളം ജില്ലാ മിഷനും കവളങ്ങാട് സി.ഡി.എസും നൽകി. 2018 ഒക്ടോബറിൽ ആന്റണി ജോൺ എംഎൽഎ കുടുംബിനി അരിയുടെ പുറത്തിറക്കൽ ചടങ്ങ് നിർവ്വഹിച്ചു.

---

## രാമോജി ഫിലിം സിറ്റി സിഎസ്ആർ ഫണ്ട്
# ആലപ്പുഴ 85 വീടുകളുടെ നിർമ്മാണം പൂർത്തിയാകുന്നു



പ്രളയത്തിൽ വീട് തകർന്നവർക്ക് ഹൈദരാബാദ് രാമോജി ഫിലിംസിറ്റിയുടെ സിഎസ്ആർ ഫണ്ട് ഉപയോഗിച്ച് കുടുംബശ്രീയുടെ നിർമ്മാണ സംഘങ്ങൾ വഴി വീടുകൾ നിർമ്മിച്ച് നൽകുന്ന പ്രവർത്തനം ആലപ്പുഴ ജില്ലയിൽ ദ്രുതഗതിയിൽ പുരോഗമിക്കുന്നു. ആകെ 116 വീടുകൾ നിർമ്മിച്ച് നൽകാനാണ് ധാരണ. അതിൽ 42 വീടുകൾ ആദ്യ ഘട്ടത്തിലും 43 വീടുകൾ രണ്ടാം ഘട്ടത്തിലുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ശേഷിക്കുന്നവ മൂന്നാം ഘട്ടത്തിലും. ഇതുവരെ പത്ത് വീടുകളുടെ നിർമ്മാണം പൂർത്തിയായി. ആദ്യ രണ്ട് ഘട്ടത്തിലെ ശേഷിച്ച വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ 75 ശതമാനവും പൂർത്തിയായിട്ടുണ്ട്. ഓഗസ്റ്റ് 15 ഓടെ ആദ്യ രണ്ട് ഘട്ടങ്ങളും പൂർത്തിയാക്കും. മൂന്നാം ഘട്ടത്തിലെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. ആകെ ഏഴ് കോടി രൂപയാണ് വീട് നിർമ്മാണത്തിനായി രാമോജി ഫിലിം സിറ്റി നൽകിയിരിക്കുന്നത്.

അമ്പലപ്പുഴ, ആര്യാട്, ഭരണിക്കാവ്, ചമ്പക്കുളം, ഹരിപ്പാട്, കഞ്ഞിക്കുഴി, മാവേലിക്കര, മുതുകുളം, പട്ടണക്കാട്, ചെങ്ങന്നൂർ, തൈക്കാട്ടുശ്ശേരി, വെളിയനാട് ബ്ലോക്കുകളിലാണ് വീട് നിർമ്മാണം നടക്കുന്നത്. ജില്ലയിലെ 55 കുടുംബശ്രീ നിർമ്മാണ സംഘങ്ങളിലെ 250ഓളം അംഗങ്ങൾ ചേർന്ന് രൂപീകരിച്ചിരിക്കുന്ന നിർമ്മാണശ്രീ എന്ന ലേബർ കോൺട്രാക്ടിങ് സൊസൈറ്റിയെയാണ് വീടു നിർമ്മാണത്തിന്റെ ചുമതല ഏൽപ്പിച്ചിരിക്കുന്നത്.

ആലപ്പുഴയിൽ പ്രളയത്തിൽ തകർന്ന വീടുകൾ നിർമ്മിക്കുന്നതിന് സഹായത്തിനായുള്ള കേരളത്തിന്റെ അഭ്യർത്ഥന അനുസരിച്ചാണ് രാമോജി ഫിലിം സിറ്റി മുന്നോട്ട് വന്നത്. ഒരു വീടിന്റെ നിർമ്മാണത്തിന് ആറ് ലക്ഷം രൂപയാണ് വകയിരുത്തിയിരിക്കുന്നത്. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എ.സി. മൊയ്തീൻ, ധനകാര്യവകുപ്പ് മന്ത്രി ഡോ. ടി.എം. തോമസ് ഐസക്, ആലപ്പുഴ സബ് കളക്ടർ കൃഷ്ണ തേജ എന്നിവരുടെ സാന്നിധ്യത്തിൽ മാർച്ച് ഒന്നിന് പാതിരപ്പള്ളിയിൽ നടന്ന ചടങ്ങിലാണ് കരാറിലൊപ്പുവച്ചത്. വീട് നൽകാനുള്ള ഗുണഭോക്താക്കളെ കണ്ടെത്തിയത് കുടുംബശ്രീയാണ്. ഇവരുടെ പട്ടിക രാമോജി ഫിലിം സിറ്റി സിഎസ്ആർ കമ്മിറ്റിക്ക് കൈമാറുകയായിരുന്നു.

Printed and published by S. Harikishore IAS, Executive Director, Kudumbashree, State Poverty Eradication Mission, Government of Kerala, 2nd Floor, TRIDA Rehabilitation Building, Chalakkuzhi Road, Medical College P.O., Thiruvananthapuram - 695011, Kerala. Editor: Asha Varghese
Associate Editors: Chaithanya. G, Manjary Asok, Asha S. Panicker. Design: Arun. S, E-mail: prteamkshreeho@gmail.com